(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



**മണ്ഡലം 1** **സൂക്തം 10**

**മധുച്ഛന്ദാ ഋഷിഃ| ഇന്ദ്രോ ദേവതാ| വിരാഡനുഷ്ടുപ്പ് ഛന്ദഃ|**
**ഗാന്ധാരഃ സ്വരഃ||**

**യത്സാനോഃ സാനുമാരുഹദ്ഭൂര്യസ്പഷ്ട കർത്വമ്|**
**തദിന്ദ്രോ അർത്ഥം ചേതതി യൂഥേന വൃഷ്ണിരേജതി ||**

**(ഋഗ്വേദം 1.10.2)**

**പദാർത്ഥം :-** എങ്ങനെയാണോ (യൂഥേന) വായുഗണങ്ങളുടെ അഥവാ സുഖകാരണങ്ങളായ പദാർത്ഥങ്ങളുടെ കൂടെ (വൃഷ്ണിഃ) വർഷിക്കുന്ന സൂര്യൻ തന്റെ പ്രകാശത്താൽ (സാനോഃ) പർവ്വതത്തിന്റെ ഒരു ശിഖിരത്തെ സ്പർശിച്ചുകൊണ്ട് (സാനുമ്) രണ്ടാമത്തെ ശിഖിരത്തെ (ഭൂരി) കൂടുതൽ (ആരുഹത്) പ്രാപിച്ച് (അസ്പഷ്ട) സ്പർശിച്ചുകൊണ്ട് (ഏജതി) ക്രമത്താൽ തന്റെ സഞ്ചാരപഥത്തിൽ ഭ്രമണം ചെയ്യുകയും ചെയ്യിപ്പിക്കുകയും ചെയ്യുന്നത്, അതുപോലെ തന്നെ ഏതൊരു മനുഷ്യനാണോ ക്രമത്താൽ ഒരു കർമ്മം സിദ്ധിപ്പിച്ച് അടുത്തത് (കർത്വമ്) ചെയ്യുന്നതിനായി (ഭൂരി) കൂടുതൽ (ആരുഹത്) ആരംഭിക്കുകയും അതുപോലെ (അസ്പഷ്ട) സ്പർശിച്ചുകൊണ്ട് (ഏജതി) പ്രാപിക്കുന്നത്, ആ പുരുഷനായി (ഇന്ദ്രഃ) സർവ്വജ്ഞനായ ഈശ്വരൻ തൽകർമ്മങ്ങളെ ചെയ്യുന്നതിനു വേണ്ടി (സാനോഃ) അനുക്രമത്താൽ (അർത്ഥം) പ്രയോജനവിഭാഗങ്ങളുടെ കൂടെ (ഭൂരി) നല്ലപ്രകാരം (ചേതതി) പ്രകാശിപ്പിക്കുന്നു.

**ഭാവാർത്ഥം :** ഈ മന്ത്രത്തിലും 'ഇവ' ശബ്ദത്തിന്റെ അനുവൃത്തിയാൽ ഉപമാലങ്കാരമാണെന്ന് മനസ്സിലാക്കണം. ഏതുപോലെയാണോ സൂര്യൻ തന്റെ മുന്നിലുള്ള പദാർത്ഥങ്ങളെ വായുവിനോടൊപ്പം വീണ്ടും വീണ്ടും ക്രമത്താൽ നല്ലവണ്ണം ആക്രമിച്ചും, ആകർഷിച്ചും, പ്രകാശിപ്പിച്ചും എല്ലാ പൃഥിവീലോകങ്ങളെയും ഭ്രമണം ചെയ്യിപ്പിക്കുന്നത്, അതുപോലെ ഏതൊരു മനുഷ്യനാണോ വിദ്യയാൽ ചെയ്യാൻ യോഗ്യമായ അനേകം കർമ്മങ്ങളുടെ സിദ്ധിക്കായി പ്രവർത്തിക്കുന്നത്, അയാൾ മാത്രമാണ് അനേകം ക്രിയകളാൽ എല്ലാ കാര്യങ്ങളും ചെയ്യാൻ സമർത്ഥനും, അതുപോലെ ഈശ്വരന്റെ സൃഷ്ടിയിൽ അനേകം സുഖങ്ങളെ പ്രാപിക്കുകയും ചെയ്യുന്നത്. ആ മനുഷ്യനെ ഈശ്വരനും തന്റെ കൃപാദൃഷ്ടിയാൽ നോക്കി കാണുന്നു. അലസന്മാരെയല്ല .

(തുടരും)

**(മഹർഷി ദയനാന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന് തർജ്ജമ : കെ.എം.രാജൻ)**

**അഭീമം മഹിമാ ദിവം വിപപ്രോ ബഭൂവ സപപ്രഥാഃ (യജുർവേദം 38.17)**
**ഉത്തമനായ വിദ്വാൻ അവിദ്യയെ തിരസ്കരിക്കുന്നു.**





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## വേദഗുരുകുലത്തിലേക്ക് അടുത്ത അദ്ധ്യയനവർഷത്തേക്കുള്ള പ്രവേശനം ആരംഭിച്ചു.

**ആ**ര്യസമാജത്തിന്റെ നേതൃത്വത്തിൽ കാറൽമണ്ണയിൽ പ്രവർത്തിക്കുന്ന വേദഗുരുകുലം ഉന്നതിയുടെ പടവുകളേറി നാലു വർഷം പൂർത്തിയാക്കിയിരിക്കുന്നു. അഷ്ടാദ്ധ്യായി വ്യാകരണപഠനത്തിൽ തുടങ്ങി, ചിട്ടയോടെ പടിപടിയായി സാംഗോപാംഗം വേദപഠനത്തോടൊപ്പം ആധുനിക വിദ്യഭ്യാസവും നൽകുന്നു. കൂടാതെ കളരി, മൃദംഗം, തബല എന്നിവയുടെ പരിശീലനവും നൽകുന്നു. 2020 ഏപ്രിൽ 6ന് ആരംഭിക്കുന്ന പുതിയ അദ്ധ്യയന വർഷത്തേക്ക് 7,8,11 ക്ലാസുകളിലേക്ക് പ്രവേശനത്തിനായി അപേക്ഷകൾ അയക്കാവുന്നതാണ്. പ്രവേശനം ഫെബ്രുവരിയിൽ അവസാനിപ്പിക്കുന്നതായിരിക്കും. താൽപര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.
ഫോൺ : 7907077891, 9446575923

**എന്ന്**
**വി. ഗോവിന്ദ ദാസ്, അധ്യക്ഷൻ, വേദഗുരുകുലം**



**യോ അഭ്രജാ വാതജാ യശ്ച ശുഷ്മഃ (അഥർവ്വം 1.12.3)**
**രോഗങ്ങൾ വാത, പിത്ത, കഫദോഷത്താൽ ഉണ്ടാകുന്നു.**



# വേദ പുഷ്പങ്ങൾ

കെ.എം. രാജൻ

മനുഷ്യർ ഈശ്വരനോട് ബുദ്ധി യാചിച്ചു നേടണമെന്ന് അടുത്ത മന്ത്രത്തിൽ പറയുന്നു.

യാമിത്യസ്യ മേധാകാമ ഋഷിഃ|പരമാത്മാ ദേവതാ|
നിചൃദനുഷ്ടുപ് ഛന്ദഃ|ഗാന്ധാരഃ സ്വരഃ||

**യാം മേധാം ദേവഗണാഃ പിതരശ്ചോപാസതേ|**
**തയാ മാമദ്യ മേധയാഗ്നേ മേധാവിനം കുരു സ്വാഹാ||**

(യജുർവേദം- 32.14)

**അന്വയവും ഭാവാർത്ഥവും:-** അല്ലയോ **(അഗ്നേ)** സ്വയം പ്രകാശസ്വരൂപനായതുകൊണ്ട് വിദ്യ മനസ്സിലാക്കിത്തരുന്ന ഈശ്വരാ! അഥവാ വിദ്വാനായ അദ്ധ്യാപക! **(ദേവഗണാഃ ച)** അനേകായിരം വിദ്വാൻമാരും **(പിതരഃ)** രക്ഷാകർത്താക്കളായ ജ്ഞാനികളും **(യാം)** ഏതൊരു **(മേധാം)** ബുദ്ധിയെ അഥവാ ധനത്തെ **(ഉപാസതേ)** നേടിയിട്ട് സേവനം ചെയ്യുന്നുവോ **(തയാ)** ആ **(മേധയാ)** ബുദ്ധി അഥവാ ധനം മുഖേന **(മാമ്)** എന്നെ **(അദ്യ)** ഇന്ന് **(സ്വാഹാ)** സത്യവാണിയിലൂടെ **(മേധാവിനമ്)** പ്രശംസിതമായ ബുദ്ധി അഥവാ ധനം ഇയന്നവൻ **(കുരു)** ആക്കിയാലും.

മനുഷ്യർ ഈശ്വരോപാസനയും ആപ്ത വിദ്വാന്മാരുടെ സമ്യക് സേവനവും ചെയ്ത്, ശുദ്ധവിജ്ഞാനത്തിലൂടെയും ധർമ്മത്തിലൂടെയും ഉണ്ടായ ധനം നേടാനിച്ഛിക്കുകയും മറ്റുള്ളവരെക്കൂടി അപ്രകാരം നേടപ്പെട്ടവരാക്കുകയും വേണമെന്നർത്ഥം.

(തുടരും)

**സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)**
**ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !**






# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക-ദാർശനിക മാസിക

പുസ്തകം : 9 ലക്കം 7

**സൃഷ്ടി സംവത്സരം 1972949121 കലിവർഷം 5121 വൈദിക സൗരമാസം : തപസ് -തപസ്യ**
**ചാന്ദ്രമാസം : പൗഷം- മാഘം കൊല്ലവർഷം : 1195 മകരം- കുംഭം 2020 ജനുവരി**



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി.ആർ. ബാലചന്ദ്രൻ നായർ
വി. ഗോവിന്ദദാസ്
വ്യവസ്ഥാപകൻ: ശ്രീ.സി.പി മുരളീധരൻ


**താളുകൾ മറിക്കുമ്പോൾ**


വേദാദ്ധ്യയനം 2
മുഖവാണി 3
ഋഗ്വേദാദി ഭാഷ്യ ഭൂമിക 5
മനുസ്മൃതി 6
പുരാണങ്ങൾ : സത്യവും, മിഥ്യയും 7
ദ്രൗപദിയും പഞ്ചപതികളും 8
ജീവിതം ഒരലയാഴി 9
യോഗദർശനം 10
അഷ്ടാധ്യായി പ്രവേശിക 11
വ്യവഹാര ഭാനുഃ 12
വേദങ്ങളെ അറിയുക 13
അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം 14
സൽസന്താനങ്ങളുടെ നിർമ്മാണം 15
ബൈബിൾ സ്വയംമാറ്റുരക്കുമ്പോൾ 16
വേദപുഷ്പങ്ങൾ 18



**വിലാസം**
ദായനന്ദ സന്ദേശം, ആര്യസമാജം
പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ
വെള്ളിനേഴി തപാൽ, പാലക്കാട് - 679 504
Ph : 7907077891, 9446017440
Email :dayanandasandesham@gmail.com
Vist Us : www.aryasmajkerala.org.in


# മുഖവാണി

## ആരാണ് ഈശ്വരൻ?

(തുടർച്ച)



**വീ**ണ്ടും പുറപ്പാടിന്റെ പുസ്തകം നാലാം അദ്ധ്യായം മൂന്നും നാലും വാകൃങ്ങൾ നോക്കുക. ''അവിടുന്നു കൽപിച്ചു. അത് നിലത്തിടുക. അവൻ വടി നിലത്തിട്ടപ്പോൾ അത് സർപ്പമായി തീർന്നു. മോശ അതു കണ്ട് അകന്നു മാറി. കർത്താവ് അരുളി ചെയ്തു. കൈ നീട്ടി അതിന്റെ വാൽ പിടിക്കുക. അവൻ കൈനീട്ടി അതിനെ പിടിച്ചപ്പോൾ അതു വീണ്ടും വടിയായിത്തീർന്നു.'' (പുറപ്പാടിന്റെ പുസ്തകം 4:3-4)

ഇതേ പുസ്തകത്തിൽ വീണ്ടും പറയുന്നത് നോക്കുക ''ചൂളയിൽ നിന്നെന്നപോലെ അവിടെ നിന്നും പുക ഉയർന്നു കൊണ്ടിരുന്നു. മല ശക്തിയായി ഇളകി വിറച്ചു. കാഹളശബ്ദം ശക്തിപ്പെട്ടു കൊണ്ടേയിരുന്നു. മോശ സംസാരിക്കുകയും ദൈവം ഇടിമുഴക്കത്താൽ ഉത്തരം നൽകുകയും ചെയ്തു.''

**അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)**
**ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു.**

ഇതേ പുസ്തകത്തിന്റെ 24-ാം അദ്ധ്യായം പന്ത്രണ്ടാം വാക്യം പറയുന്നു. ''കർത്താവ് മോശയോട് അരുളിചെയ്തു. മലമുകളിൽ എന്റെ സമീപത്തേക്ക് കയറി വന്ന് കാത്തു നില്ക്കുക. ഞാൻ നിയമങ്ങളും കൽപ്പനകളും എഴുതിയ കൽപ്പലകകൾ നിനക്ക് തരാം. നീ അവ ജനത്തെ പഠിപ്പിക്കണം.''

സംഖ്യയുടെ പുസ്തകം (Numbers 11.25) 11.25ൽ പറയുന്നു. ''കർത്താവ് മേഘത്തിൽ നിന്ന് ഇറങ്ങി വന്ന് അവരോട് സംസാരിച്ചു. അവിടുന്ന് മോശയുടെ മേലുണ്ടായിരുന്ന ചൈതന്യത്തിൽ ഒരു ഭാഗം എഴുപത് നേതാക്കന്മാരുടെ മേൽ പകർന്നു. അപ്പോൾ അവർ പ്രവചിച്ചു. പിന്നീട് അവർ പ്രവചിച്ചിട്ടില്ല.''

ഏശയ്യായുടെ (Isaiah.6.1.3) സുവിശേഷം ആറാം അദ്ധ്യായം 1 മുതൽ 3 വരെയുള്ള വചനങ്ങൾ നോക്കാം. ''ഉസിയാ രാജാവ് മരിച്ച വർഷം കർത്താവ് ഉന്നതമായ ഒരു സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നത് ഞാൻ കണ്ടു. അവിടുത്തെ വസ്ത്രാഞ്ചലം ദേവാലയം മുഴുവൻ നിറഞ്ഞു നിന്നു. അവിടുത്തെ ചുറ്റും സെറാഫുകൾ നിന്നിരുന്നു. അവയ്ക്ക് ആറു ചിറകുകൾ വീതം ഉണ്ടായിരുന്നു. രണ്ടു ചിറകുകൾകൊണ്ട് മുഖവും രണ്ടെണ്ണം കൊണ്ട് പാദങ്ങളും അവ മറച്ചിരുന്നു. രണ്ടു ചിറകുകൾ പറക്കുവാൻ ഉള്ളവയായിരുന്നു. അവ പരസ്പരം ഉദ്ഘോഷിച്ചിരുന്നു. പരിശുദ്ധൻ.... പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവ്.... പരിശുദ്ധൻ സൈന്യങ്ങളുടെ കർത്താവ് പരിശുദ്ധൻ...... ഭൂമി മുഴുവൻ അവിടുത്തെ മഹത്വം നിറഞ്ഞിരിക്കുന്നു.''

വെളിപാടിന്റെ പുസ്തകം നാലാം അദ്ധ്യായം ഒന്നു മുതൽ 8 വരെയുള്ള വാക്യങ്ങൾ നോക്കാം. ''ഇതിനുശേഷം സ്വർഗത്തിൽ ഒരു തുറന്ന വാതിൽ ഞാൻ കണ്ടു. കാഹളധ്വനി പോലെ ആദ്യം കേട്ട സ്വരം എന്നോട് പറഞ്ഞു. ഇങ്ങോട്ടു കയറി വരിൻ...... ഇനിയും സംഭവിക്കുന്നത് നിനക്ക് ഞാൻ കാണിച്ചു തരാം. പെട്ടെന്ന് ഞാൻ ആത്മീയാനന്ദഭൂതിയിൽ ലയിച്ചു. അതാ, സ്വർഗ്ഗത്തിൽ ഒരു സിംഹാസനം ഒരുക്കപ്പെട്ടിരിക്കുന്നു. സിംഹാസനത്തിൽ ഒരുവൻ ഇരിക്കുന്നു. സിംഹാസനസ്ഥൻ കാഴ്ചയിൽ സൂര്യകാന്തിപ്രഭപോലെയും മാണിക്യം പോലെയും ആയിരുന്നു. സിംഹാസനത്തിനു ചുറ്റും മരതകം പോലുള്ള ഒരു മഴവില്ലും കാണപ്പെട്ടു. ആ സിംഹാസനത്തിനു ചുറ്റും 24 സിംഹാസനങ്ങൾ.''

(തുടരും)

**ഓം നമഃ ശംഭവായ ച മയോഭവായ ച (യജു. 16.41)**
**മംഗളത്തിന്റെയും സുഖത്തിന്റെയും ഉറവിടമായ ഭഗവാനെ! അങ്ങയെ നമസ്കരിക്കുന്നു.**





നൽകുകയും ചെയ്തിട്ടുള്ള ഒരാളെന്ന നിലയ്ക്ക് മനസ്സാക്ഷി ആർക്കും പണയം വെച്ചിട്ടില്ലാത്തതുകൊണ്ടും യുക്തിബോധം നശിക്കാത്തതുകൊണ്ടും ഈ പുസ്തകത്തിലെ ചില ശാസ്ത്രീയ പ്രസ്താവനകൾ കുറിയ്ക്കട്ടെ.

**ശാസ്ത്രം : 1**

ഭൂമിയിൽ രാവും പകലും ഉണ്ടാകുന്നതിനും സസ്യലതാദികൾ ഉൾപ്പെടെയുള്ള ജീവജാലങ്ങൾ നിലനിൽക്കുന്നതിനും സൂര്യപ്രകാശം ആവശ്യമുണ്ട്. ഈ സൂര്യനെ ദൈവം സൃഷ്ടിച്ചത് സസ്യങ്ങളും ചെടികളും വൃക്ഷങ്ങളും സൃഷ്ടിച്ചതിനു ശേഷം നാലാം ദിവസമാണ് (ഉല്പത്തി)

ഇതെന്തൊരു ശാസ്ത്രം! ബൈബിൾ പല ആവർത്തി വായിച്ചപ്പോൾ ദൈവത്തിനും ശാസ്ത്രീയബോധം നഷ്ടപ്പെട്ടോ എന്നു തോന്നിപ്പോയി.

''ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു.'' (ബൈബിൾ)

സൃഷ്ടിക്കുമുമ്പുള്ള സ്ഥിതി എന്തായിരുന്നു? ഏതു സ്ഥലത്തു നിന്നു സൃഷ്ടിച്ചു? ദൈവമായാലും നിൽക്കാനൊരിടം വേണ്ടെ? ഒരു ദിവസം രാവിലെ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചുവെന്നെഴുതിയില്ലല്ലോ! അതു തന്നെ ആശ്വാസമാണ്. എന്നാൽ അമേരിക്കയിലെ ഒരു സുവിശേഷകൻ ബൈബളിലെ ചില കണക്കുകൾ ഉദ്ധരിച്ച് ക്രിസ്തുവിന് മുമ്പ് 4414 ഒക്ടോബർ 12-ാം തിയ്യതി വെള്ളിയാഴ്ച ഉച്ചക്ക് 12 മണിക്കാണ് ഭൂമി സൃഷ്ടിച്ചതെന്ന് ഒരു ലഘു ലേഖയിൽ വായിച്ചതായി ഓർക്കുന്നു.

(തുടരും)






**സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)**
**ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !**



## ബൈബിൾ സ്വയം മാറ്റുരയ്ക്കുമ്പോൾ

# സത്യം അറിയുക. സത്യം നിങ്ങളെ സ്വതന്ത്രരാക്കും (യോഹന്നാൻ 8.32)

സത്യകാമൻ

(**ലോ**കത്തിലെ പ്രബലമതങ്ങളിലൊന്നായ ക്രിസ്തുമതത്തിന്റെ അടിസ്ഥാന ഗ്രന്ഥമായ ബൈബിളിനെക്കുറിച്ചുള്ള അന്വേഷണാത്മകമായ പഠനമാണ് ഈ ലേഖനം. ''സത്യം അറിയുക. സത്യം നിങ്ങളെ സ്വതന്ത്രരാക്കും'' എന്ന വിശുദ്ധ യോഹന്നാന്റെ സുവിശേഷം (8.32) ഉപനിഷത്തുകൾ വർണ്ണിക്കുന്ന സത്യമവേ ജയതി എന്ന വാക്യവുമായി എങ്ങനെ പൊരുത്തപ്പെട്ടു പോകുന്നു എന്നന്വേഷിക്കുകയാണ് ലേഖകൻ. ഇതാരേയും വേദനിപ്പിക്കാനോ വിശ്വാസങ്ങൾക്ക് പോറൽ ഏല്പിക്കാനോ ഉദ്ദേശിച്ച് എഴുതുന്നതല്ല, സത്യാന്വേഷണം മാത്രമാണ് ലക്ഷ്യം. തുറന്ന മനസ്സോടെ ഈ ലേഖനത്തെ ആദ്യാവസാനം വായിക്കണമെന്ന് എല്ലാ ജിജ്ഞാസുക്കളോടും അഭ്യർത്ഥിക്കുന്നു.

– പത്രാധിപർ)

### ബൈബിൾ ശാസ്ത്രം

''മനുഷ്യരക്ഷക്കായി ദൈവത്തിലൂടെ അവതിർണ്ണമായ തെറ്റുപറ്റാത്ത ഉത്തമഗ്രന്ഥമാണ് ബൈബിൾ. അനുഭവവും ഗവേഷണവും ഈ പുസ്തകത്തിലുള്ള ഒരൊറ്റപദം പോലും അശാസ്ത്രീയമോ തെറ്റൊ കാലത്തിന് നിരക്കാത്തതോ അല്ലെന്ന് തെളിയിച്ചിട്ടുണ്ട്. ആധുനിക ശാസ്ത്രത്തിനുപോലും വഴികാണിക്കുന്ന ശാസ്ത്രസത്യങ്ങൾ നിറഞ്ഞ ലോകോത്തരമായ മതഗ്രന്ഥമാണ് ബൈബിൾ.''

ലഘു ലേഖനങ്ങളിലൂടെയും ചെറു പുസ്തകങ്ങളിലൂടെയും കവലപ്രസംഗങ്ങളിലൂടെയും ബൈബിൾ വായിക്കാത്തവരോടും വായിക്കാനറിയാത്തവരോടും മതം മാറ്റത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ തട്ടിവിടുന്ന വാചകങ്ങളാണ് മേലുദ്ധരിച്ചത്. ബൈബിൾ പല ആവർത്തി വായിക്കുകയും ബൈബിൾ ക്ലാസുകളിൽ പങ്കെടുക്കുകയും ബൈബിൾ സംബന്ധമായി പല ലേഖനങ്ങളും ക്രിസ്തീയ പ്രസിദ്ധീകരണങ്ങളിൽ പ്രസിദ്ധീകരണത്തിനു

**പാവകവർണ്ണഃ ശുചയോ വിപശ്ചിതഃ (യജു. 33. 81).**
**വിദ്വാൻ അഗ്നി തുല്യ തേജസ്വിയും പവിത്രവുമാണ്.**





*(മുൻലക്കത്തിന്റെ തുടർച്ച)*

# ഋഗ്വേദാദി ഭാഷ്യഭൂമിക

മഹർഷി ദയാനന്ദസരസ്വതി

തർജ്ജമ : കെ. എം. രാജൻ

## അദ്ധ്യായം : 5 വേദവിഷയവിചാരഃ

(**ത**ത്രാപരാ) വേദേഷു ദ്വേ വിദ്യേ വർത്തേതേ, അപരാപരാചേതി തത്ര യയാ പൃഥിവീതൃണമാരഭ്യ പ്രകൃതിപര്യന്താനാം പദാർത്ഥാനാം ജ്ഞാനേന യഥാവദുപകാരഗ്രഹണം ക്രിയതേ, സാ അപരോച്യതേ| യയാ ചാദശ്യാദി വിശേഷണയുക്തം സർവശക്തിമദ് ബ്രഹ്മവിജ്ഞായതേ, സാ പരാ്ർത്ഥാ-ദിപരായാഃ സകാശാദത്യുൽകൃഷ്ടാസ്തീതി വേദ്യമ്|

**ഭാഷാർത്ഥം** : ഇനി വേദങ്ങളുടെ നിത്യത്വ വിചാരത്തിനുശേഷം വേദങ്ങളിൽ ഏതെല്ലാം വിഷയങ്ങൾ ഏതേത് പ്രകാരത്തിലാണ് എന്നിവയെക്കുറിച്ച് ചിന്തനം ചെയ്യാം. വേദങ്ങളുടെ അവയവരൂപമായ വിഷയങ്ങൾ അനേകമാണ്, എന്നാൽ അവയിൽ നാലെണ്ണം മുഖ്യമാണ്.

1. വിജ്ഞാനം അഥവാ എല്ലാ പദാർത്ഥങ്ങളുടെയും യാഥാർത്ഥ്യം അറിയുക.



...ാസന 4. ജ്ഞാനം

...ാണോ കർമ്മം, ഉപാസന, ജ്ഞാനം എന്നീ മൂന്നെണ്ണത്താലും ...യോഗം സ്വീകരിക്കാവുന്നതും പരമേശ്വരൻ മുതൽ തൃണപര്യന്തമുള്ള പദാർത്ഥങ്ങളുടെ സാക്ഷാത് അറിവ് ഉണ്ടാക്കുന്നതും, അവയിൽ യഥാവിധി ഉപയോഗം ചെയ്യുന്നതുമാകുന്നത് അതിനെ വിജ്ഞാനമെന്ന് പറയുന്നു. അതിനാൽ ഈ വിഷയം നാലെണ്ണത്തിലും വെച്ച് പ്രാധാന്യമേറിയതാണ്. (വൈ.യ.യിൽ അച്ചടിച്ച പുസ്തകത്തിൽ ഇതിനു മുമ്പായി 'എന്തെന്നാൽ ഇതിൽ വേദത്തിന്റെ മുഖ്യതാൽപര്യമുണ്ട്' എന്നു പറയുന്നുണ്ട്. അത് അസ്ഥാനത്തായതിനാൽ ഇവിടെ ഇതിനെ യഥാസ്ഥാനത്ത് എഴുതിയിരിക്കുന്നു.) എന്നിരുന്നാലും ഇത് രണ്ട് പ്രകാരത്തിലുണ്ട്. ഒന്ന്, പരമേശ്വരന്റെ യഥാർത്ഥ ജ്ഞാനവും അദ്ദേഹത്തിന്റെ ആജ്ഞയുടെ യഥാവിധി പാലനവും. രണ്ടാമത് അദ്ദേഹത്താൽ രചിക്കപ്പെട്ട എല്ലാ പദാർത്ഥങ്ങളുടെയും ഗുണങ്ങളെ യഥാവിധി ചിന്തിച്ച് അവയിലൂടെ കാര്യസിദ്ധി നേടുക. അതായത് ഈശ്വരന്റെ ഏതെല്ലാം പദാർത്ഥങ്ങൾ ഏതേത് പ്രയോജനങ്ങൾക്കായി രചിച്ചതാണ് എന്നർത്ഥം.

(തുടരും)

***വിപ്രാ അമൃതാ ഋതജ്ഞാഃ (യജുർവേദം 9.18)***
***വിപ്രൻ സത്യവ്രതനും അമരനുമാകുന്നു***



(മുൻലക്കത്തിന്റെ തുടർച്ച)

# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ
തർജ്ജമ : കെ.എം. രാജൻ

**അർത്ഥം:** ശ്രുതി, സ്മൃതി തുടങ്ങിയ ഗ്രന്ഥങ്ങളെ ഒരു പരിസ്ഥിതിയിലും നിന്ദിക്കരുത്. എന്തെന്നാൽ ധർമ്മത്തിന്റെ ഉല്പത്തി അതിൽ നിന്നാണ് ഉണ്ടായത്. ധർമ്മത്തിന്റെ അടിസ്ഥാനമാണത്. തർക്കശാസ്ത്രത്തെ ആശ്രയിച്ച് ആരെങ്കിലും കുതർക്കത്തിലൂടെ അവയുടെ അപമാനവും നിന്ദയും ചെയ്യുകയാണെങ്കിൽ അവരെ സമാജത്തിൽ നിന്ന് ബഹിഷ്കരിക്കേണ്ടത് ശ്രേഷ്ഠപുരുഷന്മാരുടെ കർത്തവ്യമാണ്. എന്തെന്നാൽ വേദത്തെ നിന്ദിക്കുന്നവൻ നാസ്തികനാണ്. മനുസ്മൃതിക്ക് ഗൗരവം പ്രദാനം ചെയ്യുന്നതിന്റെ കാരണങ്ങളിലൊന്ന് മനു തന്റെ കാലത്തെ വിഖ്യാതനായ ഒരു തത്വദ്രഷ്ടാവും ധർമ്മ വിശേഷജ്ഞനും ന്യായകാരിയും പ്രജാപ്രിയനുമായ ഭരണാധികാരിയായിരുന്നു എന്നതാണ്. മനുസ്മൃതിയുടെ ഭൂമികയിൽ ചൂണ്ടിക്കാട്ടിയ വചനങ്ങളിൽ നിന്ന് അതിന് പ്രമാണം ലഭിക്കും. ധർമ്മജ്ഞാനം നേടുന്നതിനായി ജിജ്ഞാസുക്കളായ ഋഷിമാർ അക്കാലത്തെ ഉന്നത അധികാരിയും വിശേഷജ്ഞനുമായിരുന്ന മനുവിനെ തെരഞ്ഞെടുത്തു. ധർമ്മത്തിന്റെ മൂലസ്രോതസ്സും അപൗരുഷേയ, അചിന്ത്യ, അപരിമിത ജ്ഞാനിയും വേദജ്ഞനും വേദങ്ങളിൽ വർണ്ണിക്കുന്ന ധർമ്മത്തിന്റെ അറിവുള്ളവനുമായി കേവലം മനു മാത്രമായിരുന്നു അന്നുണ്ടായിരുന്നത്. ഋഷിമാർ അപ്രകാരമാണ് കരുതിയിരുന്നത് (ഭഗവൻ...ധർമ്മാന് നഃ വക്തുമർഹസി।ത്വമേകോഽഹ്യസ്യ സർവസ്യ വിധാനസ്യ സ്വയംഭുവഃ।

**അചിന്ത്യസ്യാപ്രമേയസ്യ കാര്യതത്വാർത്ഥവിൽ പ്രഭോ** (മനുസ്മൃതി.1.2-3)

(തുടരും)

**ഈശാവാസ്യമിദം സർവ്വം (യജു. 40.1)**
**ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.**







# സൽസന്താനങ്ങളുടെ നിർമ്മാണം

അജിത ഗണേഷ്

**ഓം** ഗൃഭ്ണാമി തേ സൗഭഗത്വായ ഹസ്തം മയാ പത്യാ
ജരദഷ്ടിർയഥാസഃ। ഭഗോ അര്യമാ സവിതാ പുരംധിർമഹ്യം
ത്വാദുർഗാർഹപത്യായ ദേവാഃ॥

(ഋഗ്വേദം 10.85.36)

**സാമാന്യർത്ഥം:** അല്ലയോ വരാനനെ! ഐശ്വര്യത്തിനും സുഖ സന്താനങ്ങളാദി സൗഭാഗ്യങ്ങളുടെ വർദ്ധനക്കുമായി ഞാൻ നിന്റെ കരം സ്വീകരിക്കുന്നു. നീ എന്നോടൊപ്പം ജരാനരകൾ വരുന്ന അവസ്ഥയിലും സുഖമായി ജീവിതം നയിക്കാൻ പ്രാപ്തയാവട്ടെ. പ്രതിജ്ഞാമന്ത്രത്തിൽ "ഓം അമോഽഹമസ്മി സാ ത്വം സാ ത്വമസ്യമോഽഹം।സാമാഹസ്മി ഋക് ത്വം ദ്യൗരഹം പൃഥിവീം ത്വം താവേവ വിവാഹാവഹൈ സഹ രേതോ ദധാവഹൈ। പ്രജാം രോചിഷ്ണൂ സുമനസ്യമാനൗ। പശ്യേമ ശരദഃ ശതം ജീവേമ ശരദഃ ശതം ശൃണുയാമ ശരദഃ ശതം। " എന്നും പറയുന്നു.

നമ്മൾ അന്യോന്യം നോക്കി മനസ്സിലാക്കി ഋഗ്വേദത്തെയും സാമവേദത്തെയും പോലെ പരസ്പര പൂരകങ്ങളായും നീ ഭൂമിയെപ്പോലെ ഗൃഹസ്ഥാശ്രമത്തിന് താങ്ങായും ഞാൻ സൂര്യനെപ്പോലെ പരസ്പര പൂരകങ്ങളായും സദാ പ്രഭ ചൊരിഞ്ഞും എപ്പോഴും ജീവിക്കട്ടെ! ഉത്തമ സന്തതികൾക്ക് ജന്മം നൽകും വിധത്തിൽ നമ്മൾ ജീവിക്കും. ആരോഗ്യവാന്മാരും പ്രസന്നരുമായ ധാരാളം സന്തതികളോടൊത്ത് സ്നേഹത്തോടും ഉത്സാഹത്തോടും കൂടി നമ്മൾ നൂറു വർഷം ജീവിക്കട്ടെ.

(തുടരും)


വേദങ്ങളെ അറിയുക, അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം എന്നീ തുടർ ലേഖനങ്ങൾ പുസ്തകരൂപത്തിൽ ഉടൻ പ്രസിദ്ധീകരിക്കുന്നതിനാൽ അടുത്ത ലക്കം മുതൽ ഉണ്ടാവുന്നതല്ല. - **പത്രപാധിപർ**

**സർവ്വ തദ് ഹന്മി ജനിമ ക്രമീണാമ് (അഥർവ്വം 2.31.5)**
**ഞാൻ കൃമികളെ ജന്മസ്ഥാനത്തു തന്നെ നശിപ്പിക്കും.**

(മുൻലക്കത്തിന്റെ തുടർച്ച)

## ആര്യവീർദളം - ബാലപംക്തി

ആര്യവീരഗാഥ - 2



# അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം

കെ. എം. രാജൻ

**വീ**ണ്ടും പറഞ്ഞു ''ലാലാജി! എന്നിൽ നിന്ന് എന്തെങ്കിലും തെറ്റുകൾ വന്നിട്ടുണ്ടെങ്കിൽ ക്ഷമിക്കണം.'' ഞാൻ ഗദ്ഗദം കടിച്ചമർത്തിക്കൊണ്ട് പറഞ്ഞു. ''പണ്ഡിറ്റ്ജി, അങ്ങ് പരമേശ്വരനിൽ ഉറച്ചു വിശ്വസിക്കുന്നവനാണ്. സന്നിഗ്ധ ഘട്ടത്തിൽ അദ്ദേഹത്തെ ധ്യാനിച്ചാലും.'' ആ വീരന്റെ ഉത്തരം ഇപ്രകാരമായിരുന്നു. ''എന്റെ അപരാധങ്ങൾ ക്ഷമിച്ചാലും......'' ഇത്രയും പറഞ്ഞ ശേഷം വേദമന്ത്രം ചൊല്ലാൻ തുടങ്ങി. ''ഓം വിശ്വാനിദേവ...ആസുവ..'' മരണത്തിനു കീഴടങ്ങുന്നതുവരെ ഈ മന്ത്രവും ഗായത്രീ മന്ത്രവും ജപിച്ചുകൊണ്ടിരുന്നു. ഇടക്കിടെ ''പരമേശ്വര! അങ്ങ് മഹാനാണ്... പരമപിതാവാണ്.....'' എന്നിങ്ങനെ പറഞ്ഞുകൊണ്ടിരുന്നു. കുത്തേറ്റശേഷം ഒന്നേമുക്കാൽ മണിക്കൂർ കഴിഞ്ഞാണ് ഡോക്ടർ വന്നത്. തുടർന്ന് ഏകദേശം രണ്ട് മണിക്കൂർകൊണ്ട് മുറിവേറ്റഭാഗങ്ങൾ പരിശോധിച്ച് ആന്തരാവയവങ്ങൾ ഉള്ളിലേക്ക് ആക്കി വേണ്ട ശുശ്രൂഷകൾ നൽകി. അതിൽ ഒരുഭാഗം രണ്ടായി മുറിഞ്ഞിരുന്നു. എട്ട് വലിയ മുറിവുകളും ചെറിയ മുറിവുകളും ഉണ്ടായിരുന്നു. രണ്ടു മണിക്കൂറോളം രക്തപ്രവാഹം ഉണ്ടായിട്ടും അദ്ദേഹത്തിന്റെ ജീവൻ പിടിച്ചുനിന്നത് എങ്ങനെയെന്ന് ഡോക്ടറെ അതിശയപ്പെടുത്തി. അദ്ദേഹം ഇങ്ങനെ പറഞ്ഞു. ''സാധാരണഗതിയിൽ ഇത്രയും രക്തസ്രാവമുണ്ടായാൽ ഒരാൾ രക്ഷപ്പെടുകയില്ല എന്നാൽ ഇദ്ദേഹത്തിൽ ഇപ്പോഴും കാണുന്ന ഈ ചേതനാശക്തി കാണുമ്പോൾ ഒരു പക്ഷേ രക്ഷപ്പെടുമെന്ന് തോന്നുന്നു. എങ്കിൽ അതൊരു അത്ഭുതമായിരിക്കും.'' രാത്രി പതിനൊന്നു മണിവരെ ആ ശരീരം സചേതനമായിരുന്നു. കുടുംബാംഗങ്ങളെക്കുറിച്ചുള്ള ചിന്തയോ തന്റെ ഘാതകനോട് വൈരാഗ്യമോ ഒന്നും അദ്ദേഹത്തിനുണ്ടായിരുന്നില്ല എന്നു തോന്നി. കേവലം പരമേശ്വരന്റെ നാമം ജപിക്കുക മാത്രമാണ് അദ്ദേഹം ചെയ്തിരുന്നത്. മരണത്തെക്കുറിച്ച് ലവലേശം പോലും ഭയം ആ മുഖത്തുണ്ടായിരുന്നില്ല. അദ്ദേഹത്തിന് അല്പമെങ്കിലും ചിന്തയുണ്ടായിരുന്നുവെങ്കിൽ അത് ആര്യസമാജത്തെക്കുറിച്ചായിരുന്നു. (തുടരും)

**സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)**
**ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !**





(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ ; സത്യവും മിഥ്യയും

കെ. എം. രാജൻ

## അദ്ധ്യായം 4 — പുരാണങ്ങൾ സ്വയം മാറ്റുരയ്ക്കുമ്പോൾ

**പു**രാണങ്ങളുടെ രചനാകാലം ആരംഭിക്കുന്നത് മഹാഭാരതയുദ്ധത്തിന് ശേഷമാണെന്ന് നിസ്സംശയം പറയാം. വേദപ്രചാരം ലോപിച്ചു തുടങ്ങിയത് അന്നു മുതലാണ്. സൃഷ്ടികാലം മുതൽ മഹാഭാരതകാലം വരെ ആര്യന്മാരുടെ സാർവഭൗമചക്രവർത്തി രാജ്യമാണ് ആര്യാവർത്തത്തിൽ നിലനിന്നിരുന്നത്. അതായത് ലോകത്താകെ ഒരു സാമാജ്യം മാത്രമേയുണ്ടായിരുന്നുള്ളൂ. യുധിഷ്ഠിരന്റെ രാജസൂയയാഗത്തിൽ ലോകത്തെമ്പാടുമുള്ള രാജാക്കന്മാർ പങ്കെടുത്തിരുന്നതായി മഹാഭാരതത്തിൽ പറയുന്നുണ്ട്. ചൈനയിലെ ഭഗദത്തൻ, അമേരിക്ക (അന്ന് അത് പാതാളദേശം എന്നാണ് അറിയപ്പെട്ടിരുന്നത്)യിൽ നിന്നുള്ള ബഭ്രുവാഹനൻ, യൂറോപ്പിൽ നിന്നുള്ള വിഡാലാക്ഷൻ (പൂച്ചക്കണ്ണൻ) യൂനാൻ എന്ന് വിളിക്കപ്പെടുന്ന യവനൻ ഇറാൻ ദേശത്തിലെ രാജാവ് തുടങ്ങിയവരെല്ലാം രാജസൂയ യാഗത്തിലും ഭാരതയുദ്ധത്തിലും സന്നിഹിതരായിരുന്നു. ആ കാലഘട്ടത്തിൽ വൈദികാനുഷ്ഠാനങ്ങൾ ലോകമെങ്ങും ആചരിച്ചിരുന്നു. ഗൃഹ്യസൂത്രങ്ങളിലും മനുസ്മൃതിയിലും വിവരിക്കുന്ന നൈത്തിക - നൈമിത്തികങ്ങളായ പഞ്ചമഹായജ്ഞങ്ങൾ, ഷോഡശസംസ്കാരങ്ങൾ, യജ്ഞയാഗാദികൾ, വർണാശ്രമധർമ്മങ്ങൾ എന്നിവ ലോകമൊട്ടാകെ പ്രചാരത്തിലുണ്ടായിരുന്നു. സാംഗോപാംഗം വേദം പഠിപ്പിക്കുന്ന ഗുരുകുലങ്ങൾ നിരവധിയായിരുന്നു. അഗ്നിഹോത്രമനുഷ്ഠിക്കാത്തവർ ആരും രാജ്യത്തുണ്ടായിരുന്നില്ല എന്ന് ഛാന്ദോഗ്യ ഉപനിഷത്തിൽ ( 5.11.5 ) പറയുന്നുണ്ട്.

മഹാഭാരതയുദ്ധം ലോകത്തിന് വരുത്തിവച്ച നാശനഷ്ടങ്ങൾ അതിഭീകരമായിരുന്നു. ആണാവായുധങ്ങൾക്ക് സമാനമായ വിനാശകാരിയായ ആയുധങ്ങൾ ആ യുദ്ധത്തിൽ പ്രയോഗിക്കപ്പെട്ടു. യുദ്ധാനന്തരം മഹാരഥികളായിരുന്ന ക്ഷത്രിയർ, വേദപണ്ഡിതരായ ബ്രാഹ്മണർ, ഋഷികുലങ്ങൾ, ഗുരുകുലങ്ങൾ എന്നിവയ്ക്ക് വൻ തകർച്ച നേരിട്ടു. പ്രഗൽഭരായ പലരും യുദ്ധത്തിൽ കൊല്ലപ്പെട്ടു. ദീർഘകാലാടിസ്ഥാനത്തിൽ ആര്യാവർത്തത്തിന്റെ പതനമാരംഭിച്ചു. ഭാരതം നിരന്തരം വിദേശാക്രമണങ്ങൾക്ക് ഇരയായി. യജ്ഞങ്ങളിൽ പശുഹിംസയാരംഭിച്ചു. അനാചാരങ്ങൾ സർവ്വസാധാരണമായി. ഈ കാലഘട്ടത്തിലാണ് നവോത്ഥാനസന്ദേശവുമായി നാസ്തിക മതങ്ങളായ ജൈനമതവും ബുദ്ധമതവും രംഗത്തുവന്നത്. (തുടരും)

***മാ സ്രോധത (ഋഗ്വേദം 6.32.9)***
***ഹിംസ ചെയ്യാതിരിക്കൂ.***

(മുൻ ലക്കത്തിന്റെ തുടർച്ച)



# ദ്രൗപദിയും പഞ്ചപതികളും

അമർസ്വാമി സരസ്വതി
തർജ്ജമ : കെ. എം. രാജൻ

**തതസ്തു തേ കൗരവ രാജപുത്രാ**
**വിഭൂഷിതഃ കുണ്ഡലിനോ യുവാനഃ।**
**മഹാർഹവസ്ത്രാംബരചനോക്ഷിതഃ**
**കൃതാഭിഷേകാഃ കൃതമംഗലക്രിയാഃ॥**
**പുരോഹിതേനാഗ്നിസമാനവർചസാ**
**സഹൈവ ധൗമ്യേന യഥാവിധി പ്രഭൗ**
**ക്രമേണ സർവേ വിവിശുസ്തതഃ സദൗ**
**മഹർഷഭാ ഗോഷ്ഠമിവാഭിനന്ദിനഃ॥**

(മഹാഭാരതം ആദ്യപർവ്വം അദ്ധ്യായം 197 ശ്ലോകം 8,9,10)

**ഭാവാർത്ഥം:** രാജാദ്രുപദന്റെ ആ ഭവനം ശ്രേഷ്ഠപുരുഷന്മാരാൽ സുശോഭിക്കപ്പെട്ടു തുടങ്ങിയിട്ടുണ്ടാവും. അതിന്റെ മുറ്റത്ത് താമര തുടങ്ങിയ പുഷ്പങ്ങളാൽ അലങ്കരിച്ചിരുന്നു. അവിടെ ഒരു വശത്ത് സൈന്യങ്ങൾ നിന്നിരുന്നു. മറ്റൊരു വശത്ത് രത്നങ്ങൾ കൂട്ടിയിട്ടിരുന്നു. അതിനാൽ ആ രാജഭവനം നിർമ്മല നക്ഷത്രങ്ങളാൽ യുക്തമായ ആകാശം പോലെ വിചിത്രമായി ശോഭിച്ചിരുന്നു. യുവാവസ്ഥയിൽ സമ്പന്നരായ രാജകുമാരന്മാരായ പഞ്ചപാണ്ഡവന്മാർ വസ്ത്രാലങ്കാരങ്ങളാൽ വിഭൂഷിതരും സ്വർണ്ണ കുണ്ഡല ങ്ങളാൽ അലംകൃതരുമായി അഭിഷേകം, സ്വസ്തി വാചനം തുടങ്ങിയ മംഗളാചരണങ്ങൾ ചെയ്ത് വിലയേറിയ വസ്ത്രങ്ങളും കേസരം, ചന്ദനം എന്നിവയാൽ സുശോഭിതരായി.

അഗ്നിസമാനം തേജസ്വിയായ പുരോഹിതനായ ധൗമ്യ മഹർഷിയോടൊപ്പം അഞ്ചുപേരും പ്രായമനുസരിച്ച് ക്രമത്തിൽ പ്രസന്ന താപൂർവ്വം വിവാഹമണ്ഡപത്തിൽ പ്രവേശിച്ചു.

ഇത്തരത്തിൽ രാജഭവനത്തിൽ ആഡംബരങ്ങളോടെ രാജകീയമായ രീതിയിൽ വിവാഹം നടക്കാനിരിക്കേ, അതിനു മുമ്പായി മഹാരാജാ ദ്രുപദൻ ഭീമസേനന്റെയും അർജ്ജുനന്റെയും കൂടെ ദ്രൗപദിയെ കുംഭാരന്റെ വീട്ടിലേക്ക് അയക്കുമായിരുന്നോ? (തുടരും)

**യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)**
**ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ**





(മുൻ ലക്കത്തിന്റെ തുടർച്ച)

# വേദങ്ങളെ അറിയുക

ഡോ .വിവേക് ആര്യ,
തർജ്ജമ: കെ.എം. രാജൻ

## അദ്ധ്യായം-3 വേദങ്ങളിൽ സ്ത്രീ

**സ്**ത്രീകൾക്ക് വിദുഷികളാവുന്നതിനും തന്റെ ഗുണകർമ്മാനുസാരം ഗുണശാലിയായ വരനെ തെരഞ്ഞെടുക്കാനും വേദങ്ങളിൽ അധികാരം നല്കിയിട്ടുണ്ട്. ഇപ്രകാരം വേദങ്ങളിൽ അനേകം മന്ത്രങ്ങൾ സ്ത്രീകൾക്ക് വേദാദ്ധ്യയനത്തിന് പ്രേരണ നൽകുന്നതാണ്. വേദങ്ങളിലെ അനേകം സൂക്തങ്ങളിൽ (ഋഗ്വേദം 10.134, 10.40, 8.91, 10.95, 10.107, 10.109, 10.154, 10.159, 5.28) ഋഷി സ്ത്രീകളാണ്. ഗോധാ, ഘോഷാ, വിശ്വവാരാ, അപാലാ, ഉപനിഷത്, നിഷത് രോമശ തുടങ്ങിയവർ അത്തരത്തിലുള്ള ഋഷികമാരാണ് ഈ ഋഷികമാർ വേദങ്ങൾ പഠിക്കുക മാത്രമല്ല, അവയുടെ രഹസ്യത്തെ മനസ്സിലാക്കുകയും അവയുടെ പ്രചാരം നടത്തുകയും ചെയ്തിരുന്നു. ഋഷികമാരുടെ സൂചിക 'ബൃഹത് ദേവതാ' അദ്ധ്യായം 24.84ൽ കാണാം. ഋഷികമാരെ ബ്രഹ്മവാദിനികൾ എന്നു പറയാറുണ്ട്. ഇവർക്ക് വിധിപൂർവ്വം ഉപനയനസംസ്കാരവും വേദാദ്ധ്യയനവും വേദാദ്ധ്യാപനവും ഗായത്രീ മന്ത്രോപദേശവും നല്കിയിരുന്നു.

**ചോദ്യം 6. സ്ത്രീകൾക്ക് യജ്ഞത്തിൽ പങ്കെടുക്കുന്നതിന് അധികാരമില്ലേ?**

**ഉത്തരം** : വൈദികകാലത്ത് സ്ത്രീകൾക്ക് യജ്ഞത്തിൽ പങ്കെടുക്കുന്നതിന് പരിപൂർണ്ണാധികാരമുണ്ടായിരുന്നു. ഇത് മധ്യകാലഘട്ടത്തിൽ ഒഴിവാക്കപ്പെട്ടു. ചില പുസ്തകങ്ങളിൽ സ്ത്രീകളുടെ സ്ഥാനം യജ്ഞവേദിക്ക് പുറത്താണെന്നും കന്യകമാർക്കും യുവതികൾക്കും അഗ്നിഹോത്രത്തിൽ ഹോതാവാകാൻ പറ്റില്ലെന്നും പ്രചരിപ്പിക്കുകയുമുണ്ടായി. വേദങ്ങൾ പരമപ്രമാണമായതിനാൽ ഈ സംശയത്തിനുള്ള മറുപടിയും വേദങ്ങളിൽ നിന്നു തന്നെ ലഭിക്കും. സ്ത്രീകൾക്ക് യജ്ഞം ചെയ്യുന്നതിന് വേദങ്ങൾ പൂർണ്ണാധികാരം നല്കുന്നുണ്ട്.

പതിയും പത്നിയും സമാനമനസ്സോടെ യജ്ഞം ചെയ്താൽ അവർക്ക് അന്നം, പുഷ്പം, സ്വർണ്ണം എന്നിവയ്ക്ക് യാതൊരു കുറവുമുണ്ടാവില്ല എന്ന് ഋഗ്വേദം 8.31, 5-8ൽ പറയുന്നുണ്ട്. വിവാഹസംസ്കാരത്തിൽ വധൂവരന്മാർ പരസ്പരം ഹൃദയം സ്പർശിച്ചുകൊണ്ട് മന്ത്രോച്ചാരണം നടത്തണമെന്ന് ഋഗ്വേദം 10.85.47ൽ പറയുന്നു.

പണ്ഡിതന്മാർ പത്നീസമേതം യജ്ഞം ചെയ്യണമെന്നും അഭിവന്ദനീയരായ പണ്ഡിതർ, ഈശ്വരൻ എന്നിവരെ നമിക്കണമെന്നും ഋഗ്വേദം 1.72.5ൽ പറയുന്നു. (തുടരും)

**ധർമ്മം ചര (തൈ. ഉ. 1.11.1)**
**ധർമ്മാചരണം ചെയ്യൂ !**



(മുൻലക്കത്തിന്റെ തുടർച്ച)

# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി

തർജ്ജമ : കെ. എം. രാജൻ

**വ്യാപാരി** : "നിങ്ങൾ എപ്പോഴെങ്കിലും അങ്ങനെ വാങ്ങിച്ചിട്ടുണ്ടോ? ഒമ്പതണയ്ക്ക് നിങ്ങൾക്ക് ഈ തുണിവാങ്ങിക്കൊണ്ടുവരാൻ പറ്റിയാൽ ഞാനത് നൂറുരൂപക്ക് എടുക്കാം"

വസ്ത്രം വാങ്ങാൻ വന്നയാൾ അവിടെ നിന്നിറങ്ങി. വ്യാപാരി തന്നെ തിരിച്ചുവിളിക്കുന്നുണ്ടോ എന്നയാൾ ഒളി കണ്ണിട്ടുനോക്കുന്നുണ്ടായിരുന്നു. അയാൾ തിരിച്ചു വരുന്നില്ലായെന്നു കണ്ടപ്പോൾ കച്ചവടക്കാരൻ അയാളെ വിളിച്ചുവരുത്തി. അയാൾ തിരിച്ചുവന്ന് ഒമ്പതണയ്ക്ക് നൽകാൻ തയ്യാറുണ്ടോ എന്ന് ചോദിച്ചു.

**വ്യാപാരി** :"ധർമ്മത്തിന്റെ പേരിൽ പറയുകയാണ്. പതിനൊന്നണ നൽകി ഇതു വാങ്ങിച്ചു കൊണ്ടുപോയാലും"

**തുണി വാങ്ങാൻ വന്നയാൾ** : "ഒമ്പതരയണ നൽകാം" എന്നു പറഞ്ഞു തിരിച്ചു പോകാൻ തുടങ്ങി. കച്ചവടം നടക്കില്ല എന്നുറപ്പായപ്പോൾ വ്യാപാരി അയാളോട് "തിരിച്ചുവരൂ, ഇരിക്കൂ" എന്നു പറഞ്ഞു. തന്റെ സമയം നഷ്ടപ്പെടുത്തരുതെന്ന് അപ്പോൾ അയാൾ വ്യാപാരിയോട് പറഞ്ഞു.

**വ്യാപാരി** : "എന്റെ മോനാണ് സത്യം. നീ ഇതു വാങ്ങിയില്ലെങ്കിൽ പശ്ചാത്തപിക്കേണ്ടിവരും. ഞാൻ സത്യമായി പറയുകയാണ്. പത്തരയണ നൽകി ഇത് വാങ്ങിയാലും, അല്ലെങ്കിൽ നിന്റെ ഇഷ്ടം."

**വസ്ത്രം വാങ്ങാൻ വന്നയാൾ** : "നീ രണ്ടണ കൂടുതൽ പറയുകയാണ്. എന്തായാലും ഞാൻ പത്തണ നൽകാം. ഇതിൽ കൂടുതൽ ഇല്ല."

**വ്യാപാരി** : "പത്തേക്കാൽ അണ തന്നാലും"

**വസ്ത്രം വാങ്ങാൻ വന്നയാൾ** : "ഒരിക്കലുമില്ല"

വ്യാപാരി : "ശരി, ഇരുന്നാലും എത്ര തുണിവേണം?"

**വസ്ത്രം വാങ്ങാൻ വന്നയാൾ** : "ഒന്നേക്കാൽ മുഴം"

(തുടരും)

**തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)**
**ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !**







(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

"**ആ**രാ? എവിടുന്നാ? എവിടേക്കാ ഈ രാത്രിയിൽ? ഇവിടം കള്ളന്മാരുടെയും കൊള്ളക്കാരുടെയും പോക്കറ്റടിക്കാരുടെയും മറ്റ് അസൻമാർഗികരുടേയും വിഹാരകേന്ദ്രമാണ്. ചിലപ്പോൾ ജീവനുതന്നെ അപായം വരുത്തിയെന്നുവരും" സൂക്ഷ്മാവലോകനം നടത്തി അയാൾ ഹിന്ദിയിൽ പറഞ്ഞു.

"പേര് പാച്ചൻ, ബോംബയിൽ നിന്നും വരുന്നു. പോകേണ്ടത് ലാഹോറിലേക്കാണ്. ഇവിടെ ന്യൂഡൽഹിയിലുള്ള സെക്രട്ടേറിയേറ്റിൽ പോയി ഒരാളെ കണ്ടിട്ടുവേണം പോകാൻ" പാച്ചൻ വിശദീകരിച്ചു തീർക്കും മുമ്പു തന്നെ "സെക്രട്ടറിയേറ്റിൽ കാണേണ്ടതാരേയാണ്? എന്താ പേര്?"അയാൾ അന്വേഷിച്ചു.

"പേരോ? പേര് പത്മനാഭൻ നായർ" ഉത്തരം കേട്ടപ്പോൾ കൺതുറന്ന് ബഹുമാനാത്ഭുത സ്വരത്തിൽ അയാൾ ധരിപ്പിച്ചു.

"ഓഹോ അപ്പോൾ നിങ്ങൾ പത്മനാഭൻ നായരുടെ ബന്ധുവാണോ?" "അല്ല, അദ്ദേഹവുമയി ബന്ധപ്പെടാൻ ഒരു കത്ത് ബോംബെയിൽ നിന്നു പോരുമ്പോൾ ഒരു മാന്യൻ തന്നിട്ടുണ്ട്." പാച്ചൻ വിനീതനായി സത്യം വെളിപ്പെടുത്തി. ആ വ്യക്തി കത്ത് വാങ്ങി വായിച്ചുനോക്കി മടക്കി കൊടുത്ത് ഒരു സേവകനെന്നോണം റോഡിന്റെ എതിർവശത്തുള്ള സത്രത്തിലെത്തിച്ച് രാത്രി അവിടെ കഴിച്ചുകൂട്ടിക്കൊള്ളാൻ ഉപദേശിച്ച് സ്ഥലം വിട്ടു. അയാളുടെ പെരുമാറ്റവും പത്മനാഭൻ നായരുടെ പേരു കേട്ടപ്പോളുണ്ടായ വിനയപ്രകടനവും കണ്ടപ്പോൾ വേഷ പ്രച്ഛന്നനായി നിൽക്കുന്ന ഇന്റലിജൻസ് വിഭാഗത്തിന്റെ തലപ്പത്തിരിക്കുന്ന പത്മനാഭൻ നായരുടെ ഏതോ കീഴുദ്യോഗസ്ഥനായിരിക്കുമെന്ന് തോന്നി പാച്ചന്. രാത്രി ധർമ്മശാലയിൽ മൂട്ടയുടെയും ദുർഗന്ധപൂരിതാന്തരീക്ഷത്തിന്റേയും കൊതുകിന്റേയും മറ്റും ശല്യം സഹിച്ച് നേരം തള്ളിനീക്കുമ്പോൾ ദ്വാപര- കലിയുഗ സംക്രാന്തവേളയിൽ സ്വർഗ്ഗസമാനമായി വ്യാസമഹാമുനിയുടെ ഇന്ദ്രപ്രസ്ഥത്തിന്റെ വർത്തമാനദുരവസ്ഥയോർത്ത് പാച്ചന് അത്യന്തം സങ്കടം തോന്നി. ആർഷ സംസ്കൃത പുണ്യഭൂമിയിൽ യുഗാന്തരങ്ങളായി അടിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കം ചെയ്യണമെങ്കിൽ ഈശ്വരനല്ലാതെ മറ്റാർക്കും പറ്റാത്ത മട്ടായിരിക്കുന്നു.

(തുടരും)

**യന്തി പ്രമാദമതന്ദ്രാഃ (സാമം 721)**
**ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു**

(മുൻ ലക്കത്തിന്റെ തുടർച്ച)



# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ. എം. രാജൻ

**യോ.പ്ര-** ഈ സൂത്രത്തിൽ യോഗത്തിന്റെ മുഖ്യ ഫലത്തിന്റെ വർണന ചെയ്തിട്ടുണ്ട്.

എപ്പോഴാണോ സാധകൻ അസംപ്രജ്ഞാതസ്ഥിതിയെ പ്രാപിക്കുന്നത്, അപ്പോൾ അയാൾ തന്റെ സ്വരൂപത്തെ ശരിയായി അറിയുന്നു. സംപ്രജ്ഞാത സമാധിയിലും ജീവാത്മാവ് തന്റെ സ്വരൂപത്തെ അറിയുന്നുവെങ്കിലും അസംപ്രജ്ഞാതസമാധിയിൽ സംപ്രജ്ഞാതസമാധിയെ അപേക്ഷിച്ച് ജീവാത്മാവിന് തന്റെ സ്വരൂപത്തെക്കുറിച്ച് കൂടുതൽ വ്യക്തമായ ജ്ഞാനം ഉണ്ടാവുന്നു. അതായത് താൻ സത്വ-രജ-തമോ പ്രകൃതിയിൽ നിന്നും, അതിനാൽ നിർമ്മിക്കപ്പെട്ട ശരീരം, ഇന്ദ്രിയങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ നിന്നും വ്യത്യസ്തനാണെന്ന് അറിയുന്നു. ആ സമയത്ത് അയാൾ പ്രകൃതിയുടെയും പ്രാകൃതികപദാർത്ഥങ്ങളുടെയും ഉപാസനയെ ഉപേക്ഷിച്ച് ഈശ്വരന്റെ സ്വരൂപത്തിൽ മഗ്നനായിത്തീരുന്നു. ഈ ശരീരത്തിൽ ഇരുന്നുകൊണ്ടുതന്നെ സമസ്ത ക്ലേശങ്ങളിൽനിന്ന് മുക്തനാവുകയും എങ്ങനെയാണോ മുക്താത്മാവ് മോക്ഷാവസ്ഥയിൽ ആനന്ദം അനുഭവിക്കുന്നത് അതുപോലെയുള്ള മോക്ഷാനന്ദത്തെ അനുഭവിക്കുന്നു. ഈ സൂത്രത്തിന്റെ ഭാഷ്യത്തിൽ വ്യാസ മഹർഷി എഴുതിയിരിക്കുന്നത് ഇങ്ങനെയാണ്- ''സ്വരൂപപ്രതിഷ്ഠാ തദാനീം ചിതിശക്തിർയഥാ കൈവല്യേ'' മോക്ഷാവസ്ഥയിൽ ജീവാത്മാവ് എപ്രകാരമാണോ തന്റെ ശുദ്ധശരീരത്തെ അറിഞ്ഞുകൊണ്ട് പരമാത്മാവിന്റെ ആനന്ദത്തെ അനുഭവിക്കുന്നത്, അപ്രകാരം യോഗി ഈ ശരീരത്തിൽ തന്റെ വിശുദ്ധ സ്വരൂപത്തെ അറിഞ്ഞുകൊണ്ട് ഈശ്വരനിൽ മഗ്നനായി അദ്ദേഹത്തിൽ നിന്ന് ആനന്ദത്തെ അനുഭവിക്കുന്നു. ഇതനുസരിച്ച് ജീവാത്മാവിന് തന്റെ സ്വരൂപത്തിലും, ഈശ്വരന്റെ സ്വരൂപത്തിലും സ്ഥിതിയുണ്ടാവുന്നു. അതായത് ഈ അവസ്ഥയിൽ ജീവാത്മാവ് തന്റെ സ്വരൂപത്തെയും, ഈശ്വരന്റെ സ്വരൂപത്തെയും യഥാവിധി അറിയുന്നു. ഇവിടെ ഈ കാര്യം ശ്രദ്ധിക്കേണ്ടതാണ്. സൂത്രത്തിന്റെ മുഖ്യമായ അർത്ഥം ജീവാത്മാവിന്റെ പരമേശ്വരന്റെ സ്വരൂപത്തിൽ സ്ഥിതിചെയ്യലാണ്, സ്വന്തം സ്വരൂപത്തിൽ സ്ഥിതി ചെയ്യലല്ല. എന്തെന്നാൽ കേവലം സ്വന്തം സ്വരൂപത്തിൽ സ്ഥിതി ചെയ്യുന്നതുകൊണ്ട് ജീവാത്മാവിന്റെ സമസ്ത ക്ലേശങ്ങളുടെ നിവൃത്തിയും, നിത്യാനന്ദപ്രാപ്തിയും ഉണ്ടാവുകയില്ല.

(തുടരും)

**ബൃഹദ് വദേമ വിവഥേ സുവീരാഃ (യജുർവേദം 34.58)**
**ഞങ്ങൾ ശാസ്ത്രാർത്ഥങ്ങളെ നന്നായി വദിക്കും**





(മുൻലക്കത്തിന്റെ തുടർച്ച)



# അഷ്ടാദ്ധ്യായി പ്രവേശിക

ആചാര്യ ബൽദേവ് നൈഷ്ഠിക്
തർജ്ജമ : ബ്രഹ്മചാരി വിഷ്ണു ആര്യ

## അഷ്ടാദ്ധ്യായി പ്രവേശിക

**ചോദ്യം 3:- 'ഇത്' സംജ്ഞയുടെ പ്രയോജനമെന്താണ്?**

**ഉത്തരം :** 'തസ്യ ലോപഃ' (അഷ്ടാദ്ധ്യായി- 1.3.9), അതായത് ഏത് വർണ്ണത്തിന്റെ പേരാണോ 'ഇത്' ആ വർണ്ണം ലോപിക്കുന്നു.

**ചോദ്യം 4 : 'ലോപം' എന്ന് പറയുന്നത് ഏതിനെയാണ്?**

**ഉത്തരം :** 'അദർശനം ലോപഃ' (അഷ്ടാദ്ധ്യായി-1.1.59), അതായത് കാണാതിരിക്കലിന്റെ പേരാണ് ലോപം. ഉദാഹരണമായി 'അഇഉണ്' എന്ന പ്രത്യാഹാര സൂത്രത്തിൽ 'ണ്' വർണത്തിന് 'ഇത്' സംജ്ഞയുള്ളതിനാൽ അത് ലോപിക്കുന്നു. അതിനാൽ 'അണ്' പ്രത്യാഹാരമെന്നതുകൊണ്ട് അ,ഇ,ഉ എന്നീ വർണ്ണങ്ങളുടെ ഗ്രഹണം മാത്രമേ ഉണ്ടാവുന്നുള്ളു.

മുകളിൽ വിവരിച്ച പ്രക്രിയ അനുസരിച്ച് പ്രത്യാഹാരം നിർമ്മിക്കാനുള്ള വിധിയുടെ പുനരവലോകനം -

'അഇഉണ്' ഈ പ്രത്യാഹാര സൂത്രത്തിൽ ആദി വർണ്ണമായ 'അ' അവസാനത്തെ 'ഇത്' സംജ്ഞയുള്ള 'ണ്' വർണ്ണത്തിനോട് ചേർന്ന് 'അണ്' പ്രത്യാഹാരം ഉണ്ടാക്കുന്നു.

**ചോദ്യം : 'അണ്' പ്രത്യാഹാരത്തിൽ ഏതെല്ലാം വർണ്ണങ്ങളാണുള്ളത്?**

**ഉത്തരം :** 'അ,ഇ,ഉ' എന്നീ വർണ്ണങ്ങളാണ് 'അണ്' പ്രത്യാഹരത്തിലുള്ളത്. അതായത് ആദ്യത്തെ 'അ' വർണ്ണത്തിന്റെയും മധ്യത്തിലെ 'ഇ','ഉ' വർണ്ണങ്ങളുടെയും ഗ്രഹണമാണ് ഉണ്ടാവുന്നത്. 'ണ്' വർണ്ണത്തിന്റെ ഗ്രഹണം ഉണ്ടാവുന്നില്ല.

**പ്രത്യാഹാരം സൂത്രം - അഇഉണ്**
**പ്രത്യാഹാരം - അണ്**
**വർണങ്ങൾ - അ ഇ ഉ**

**ചോദ്യം :- അവസാനത്തെ 'ണ്' വർണ്ണത്തിന്റെ ഗ്രഹണം എന്തുകൊണ്ടാണ് ഉണ്ടാവാത്തത്?**

**ഉത്തരം :-** അന്ത്യ 'ണ്' വർണ്ണത്തിന് അദർശനം സംഭവിക്കുന്നതിനാലാണ് അതിന്റെ ഗ്രഹണം ഉണ്ടാവാത്തത്.

(തുടരും)

*ബ്രഹ്മൻ ത്വം ബ്രഹ്മസി (യജുർവേദം 10.28)*
*ഹേ ബ്രഹ്മൻ! നീ അറിവുള്ളവനാകുന്നു*

ഒരു ആര്യസമാജം പ്രസിദ്ധീകരണം
Date of Publication 10/01/2020
RNI NO. KERMAL/2013/53849
REGISTERED NO. OTTAPALAM/5/2020-23

**ആര്യസമാജ പ്രസിദ്ധീകരണങ്ങൾ (സ്റ്റോക്ക് ഉള്ളത്)**

1. സത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ)
   മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ -Rs.250.00.
2. സന്ധ്യോപാസനയും അഗ്നിഹോത്രവും
   മഹർഷി ദയാനന്ദസരസ്വതി. സമാഹരണം: കെ.എം. രാജൻ - Rs.60.00
3. വൈദിക ധർമ്മ ആര്യസമാജ പ്രശ്നോത്തരി
   പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി.
   തർജ്ജമ : കെ.എം.രാജൻ - Rs. 40.00
4. ആര്യസമാജം എന്ത്? എന്തിന്? - ലത രാജൻ - Rs. 10.00
5. സത്യാർത്ഥ പ്രകാശം എന്ത്? എന്തിന്? - കെ.എം.രാജൻ - Rs. 10.00
6. വൈദിക നിത്യകർമ്മവിധി - കെ.എം.രാജൻ - Rs. 20.00
7. വേദാന്തിധ്വാന്ത നിവാരണം - Rs. 25.00
   മഹർഷിദയാനന്ദ സരസ്വതി. തർജ്ജമ : കെ.എം.രാജൻ
8. പൂനാ പ്രവചനം (ഉപദേശമഞ്ജരി) - Rs. 200.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ
9. ആര്യോദ്ദേശ്യ രത്നമാല - Rs. 25.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ
10. സംശയനിവാരിണി -Rs. 200.00
    ശ്രീ.മദൻ രഹേജ തർജ്ജമ : കെ.എം.രാജൻ
11. വേദ പ്രകാശം പാഠാവലി -കെ.എം.രാജൻ - Rs. 40.00
12. മഹർഷി ദയാനന്ദ സരസ്വതി (ജീവചരിത്രം) -കെ.എം.രാജൻ - Rs. 60.00
13. ശത്രുവോ? മിത്രമോ? - കെ.എം.രാജൻ - Rs. 35.00
14. ശിവസങ്കല്പം - കെ.എം.രാജൻ - Rs. 30.00
15. ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും - കെ.എം.രാജൻ - Rs. 40.00
16. വൈദിക ഈശ്വരൻ - കെ.എം.രാജൻ - Rs. 35.00
17. കാലാ പഹാഡ് അഥവാ കാലാചന്ദ് റായ് - കെ.എം.രാജൻ - Rs. 60.00
18. 1921 മാപ്പിള ലഹള -ദിവാൻ ബഹാദൂർ സി.ഗോപാലൻനായർ - Rs. 250.00

**(പോസ്റ്റേജ് ചെലവ് പുറമെ)**

**അച്ചടിയിലുള്ളവ**

1. ദ്രൗപദിയും പഞ്ചപതികളും - അമർസ്വാമി സരസ്വതി, തർജ്ജമ : കെ.എം.രാജൻ
2. യോഗദർശനം
   (മഹർഷി വ്യാസഭാഷ്യസഹിതം) - സ്വാമി സത്യപതി പരിവ്രാജക്
   തർജ്ജമ. കെ.എം.രാജൻ
3. വേദങ്ങളെ അറിയുക - ഡോ.വിവേക് ആര്യ, തർജ്ജമ : കെ.എം.രാജൻ
4. അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം - കെ.എം.രാജൻ
5. പുരാണങ്ങൾ സത്യവും മിഥ്യയും - കെ.എം.രാജൻ

Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad-679 504. Printed at Mudra Printers, Cherpulassery. and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O), Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan

**Email: dayanandasandesam@gmail.com Phone: 7907077891, 9562529095**



ओ३म्

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക – ദാർശനിക മാസിക

## DAYANANDA SANDESAM

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!

പുസ്തകം : 9 ലക്കം : 7

സൃഷ്ടി സംവത്സരം 1972949121 കലിവർഷം 5121 വൈദിക സൗരമാസം : തപസ് – തപസ്യ
ചാന്ദ്രമാസം : പൗഷം – മാഘം കൊല്ലവർഷം 1195 മകരം – കുംഭം 2020 ജനുവരി

വാർഷിക വരിസംഖ്യ : ₹ 100/– ദീർഘകാലം : ₹ 1500/–



**ലാലാ ലജ്പത്റായ് (1865 – 1928)**

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർത്തിരിക്കേണ്ട പ്രധാന ദിനങ്ങൾ**

ജനുവരി 3 : വീരപാണ്ഡ്യകട്ടബൊമ്മൻ ജന്മദിനം
ജനുവരി 12 : സ്വാമിവിവേകാനന്ദ ജയന്തി
ജനുവരി 20 : വീരഹക്കീക്കത് റായ് രക്തസാക്ഷിദിനം
ജനുവരി 23 : നേതാജി സുഭാഷ്ചന്ദ്രബോസ് ജന്മദിനം
ജനുവരി 26 : ഭാരത ഗണതന്ത്ര ദിനം
ജനുവരി 28 : ലാലാ ലജ്പത്റായ് ജന്മദിനം

"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം! "